**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2124** **14-10-2024 - ൽ മറുപടിയ്ക്ക്**

**പാങ്ങാപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാങ്ങാപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പരിധിയിലേക്ക് തിരുവനന്തപുരം നഗരസഭയിലെ കാട്ടായിക്കോണം, ചന്തവിള, കഴക്കൂട്ടം വാർഡുകളെ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം നഗരസഭയിലെ കാട്ടായിക്കോണം, ചന്തവിള, കഴക്കൂട്ടം എന്നിവ നിലവിൽ പുത്തൻതോപ്പ് സാമൂഹ്യാരോഗ്യ കേന്ദ്രത്തിന് കീഴിൽ വരുന്ന വാർഡുകളാണ്. ടി വാർഡുകൾ പാങ്ങാപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പരിധിയിലുള്ള വാർഡുകളിൽ നിന്നും വളരെയധികം ദൂരപരിധിയിലുള്ളവയാണ്. പാങ്ങാപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പരിധിയിലേക്ക് തിരുവനന്തപുരം നഗരസഭയിലെ കാട്ടായിക്കോണം, ചന്തവിള, കഴക്കൂട്ടം വാർഡുകളെ കൂടി ഉൾപ്പെടുത്തുന്നതിന് ടി സ്ഥാപനത്തിന്റെ സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്. മാത്രവുമല്ല, ടി വാർഡുകൾക്കായുള്ള പുത്തൻതോപ്പ് സാമൂഹ്യാരോഗ്യ കേന്ദ്രത്തിന്റെ തുടർ പ്രവർത്തനവും ടി സ്ഥാപനത്തിലെ ജീവനക്കാരുടെ പുനർവിന്യാസവും എപ്രകാരമായിരിക്കണമെന്നതിൽ വിശദമായ പരിശോധനയും ആവശ്യമാണ്. അതിനാൽ ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് സർക്കാർ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | പാങ്ങാപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിനെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിച്ച് സാമൂഹ്യാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും അധിക ജീവനക്കാരുമാവശ്യമാണ്. അതിനാൽ ഇക്കാര്യം പരിശോധിച്ച് സർക്കാർ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ